# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## തിരൂരങ്ങാടി ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA.MPM4 /1461/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 08/09/2023
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തിരൂരങ്ങാടി ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : തിരൂരങ്ങാടി ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തിരൂരങ്ങാടി ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(AIMS)
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്,മലപ്പുറം
3) കാര്യാലയ പകർപ്പ്

നമ്പർ: KSA.MPM4 /1461/2023 തീയ്യതി: 08/09/2023

## മലപ്പുറം ജില്ലയിലെ തിരൂരങ്ങാടി ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ തിരൂരങ്ങാടി ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 25-01-2023 മുതൽ 18-06-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 24-06-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. സതീഷ് മാവേലി പുത്തൻവീട് | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 19-06-2023 | 24-06-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 19-06-2023 | 24-06-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. സാജിത. കെ. ടി. | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീമതി. താര. പി. | സെക്രട്ടറി | 01-04-2022 | 26-07-2022 |
| ശ്രീമതി. ബിന്ദു. സി. പി. | സെക്രട്ടറി | 27-07-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. കൃഷ്ണൻകുട്ടി. പി. | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ | 01-04-2022 | 31-03-2023 |
| ശ്രീ. ഷനൂപ്. എം. ജി. | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2022 | 31-03-2023 |
| ശ്രീ. രാജേഷ് പി. ആർ. | പട്ടികജാതി വികസന പദ്ധതി ഓഫീസർ ഗ്രേഡ് II | 01-04-2022 | 31-03-2023 |
| ശ്രീമതി. ശിഭി. കെ. പി. | വ്യവസായ വികസന ഓഫീസർ | 01-04-2022 | 19-01-2023 |
| ശ്രീമതി. നിമിഷ. ടി. സി. | വ്യവസായ വികസന ഓഫീസർ | 20-01-2023 | 31-03-2023 |
| ശ്രീമതി. ലത. പി. | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 01-04-2022 | 09-10-2022 |
| ശ്രീമതി. സംഗീത. വി. | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 10-10-2022 | 31-03-2023 |
| ഡോ. സുബൈർ. എ. | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | 01-04-2022 | 04-05-2022 |
| ഡോ. ഫൗസിയ. എം. വി. | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | 05-05-2022 | 31-03-2023 |
| ശ്രീമതി. റീബ തങ്കച്ചൻ. വി. | ക്ഷീര വികസന ഓഫീസർ | 01-04-2022 | 25-06-2022 |
| ശ്രീ. മഹേഷ്. പി. (അധിക ചുമതല) | ക്ഷീര വികസന ഓഫീസർ | 26-06-2022 | 16-07-2022 |
| ശ്രീ. ബിനു സുധാകർ (അധിക ചുമതല) | ക്ഷീര വികസന ഓഫീസർ | 17-07-2022 | 22-07-2022 |
| ശ്രീ. അബ്ദുൽ മജീദ്. വി. | ക്ഷീര വികസന ഓഫീസർ | 23-07-2022 | 31-03-2023 |
| ശ്രീമതി. ജയശ്രീ. എം മണ്ണിങ്ങൽ | ശിശു വികസന പദ്ധതി ഓഫീസർ (അഡീഷണൽ) | 01-04-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-1 |
| 3 | ചെലവ് തുക വാർഷിക കണക്ക്, എ.സി.ആർ എന്നിവയിൽ വ്യത്യാസപ്പെട്ടിരിക്കുന്നു. | 1-1-2 |
| 4 | ആസ്തി രജിസ്റ്റർ കാലികമാക്കിയില്ല | 1-1-3 |
| 5 | ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല | 1-1-4 |
| 6 | ബജറ്റ് | 1-2 |
| 7 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം) | 1-3 |
| 8 | ഫണ്ട് വിനിയോഗം (ACR പ്രകാരം ) | 1-4 |
| 9 | പദ്ധതി അവലോകനം | 1-5 |
| 10 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 11 | ക്ഷേമപദ്ധതികൾ | 1-7 |
| 12 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 13 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 14 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 15 | നിക്ഷേപ പ്രവൃത്തികളിൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന മുൻകൂറുകൾ - അവലോകനം. | 1-11 |
| 16 | ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽ വരാത്ത പ്രോജക്ടുകൾ നടപ്പിലാക്കി | 1-12 |
| 17 | കണക്കിൽ പെടാത്ത പണം അക്കൗണ്ടിൽ അവശേഷിക്കുന്നു. | 1-13 |
| 18 | കാഷ്ബുക്ക് ശരിയായി എഴുതിയിട്ടില്ല. | 1-14 |
| 19 | ഇലക്ട്രിക്കൽ പ്രവൃത്തി നടത്തിപ്പ് - സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല. | 1-15 |
| 20 | അംഗപരിമിതർക്ക് സ്കൂട്ടർ വിതരണം - തുടർനടപടി വിവരം അറിയിക്കേണ്ടതാണ് | 1-16 |
| 21 | റോഡ് പ്രവൃത്തികൾ - രേഖകൾ സൂക്ഷിക്കേണ്ടതാണ്. | 1-17 |
| 22 | ടെണ്ടർ ഫീ ഒടുക്ക് വരുത്തിയിട്ടില്ല. | 1-18 |
| 23 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി - മൂല്യനിർണ്ണയം, പൂർത്തീകരണ വിവരം ലഭ്യമല്ല | 1-19 |
| 24 | അംഗനവാടികളിൽ പോഷകത്തോട്ടം - പദ്ധതി നടത്തിപ്പിലെ അപാകതകൾ. | 1-20 |
| 25 | മരുന്ന് ലഭ്യമായില്ല. | 1-21 |
| 26 | പി.എം.എ.വൈ- ഭവന നിർമ്മാണം - തറ പൂർത്തീകരിച്ച് തുടർന്നുള്ള പ്രവൃത്തികൾ നടത്തിയിട്ടില്ല | 1-22 |
| 27 | ഗ്രാമ പഞ്ചായത്തിന് വിഹിതം നൽകി- പ്രവൃത്തി പൂർത്തീകരണ / വിനിയോഗ | 1-23 |

| | | |
|---|---|---|
| | വിവരം ലഭ്യമല്ല | |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം. | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം. | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ. | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്. | 4-4 |
| 5 | വായ്പ /വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം. | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരങ്ങൾ | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം. | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന **മുൻ** റിപ്പോർട്ടുകളുടെ വിവരം | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I). കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1&11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 3(1)/03.05.2023 നമ്പർ കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 23.05.2023 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള തിരൂരങ്ങാടി ബ്ലോക്ക് പഞ്ചായത്തിന്റെ മാർച്ച് 2023ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii). C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച് അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii). എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ താഴെ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, തിരൂരങ്ങാടി ബ്ലോക്ക് പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

മലപ്പുറം
തീയതി: 08-09-2023

## 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62(2)(ഇ) പ്രകാരമുള്ള കുറിപ്പുകൾ, 62(3) പ്രകാരമുള്ള മുൻവർഷ താരതമ്യ തുകകൾ എന്നിവ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-1-2 ചെലവ് തുക വാർഷിക കണക്ക്, എ.സി.ആർ എന്നിവയിൽ വ്യത്യാസപ്പെട്ടിരിക്കുന്നു.

താഴെപ്പറയുന്ന ഫണ്ടിനങ്ങളിലെ ആകെ ചെലവ് തുക വാർഷിക കണക്ക്, എ.സി.ആർ എന്നിവയിൽ വ്യത്യാസപ്പെട്ടിരിക്കുന്നു. 2022-23 വർഷത്തെ പ്രോജക്ടുകളിൽ തൻവർഷം പണമായി നൽകാത്ത ട്രഷറിയിൽ ക്യൂവിൽ ഉൾപ്പെട്ടിട്ടുള്ള ബില്ലുകളുടെ തുകയാണ് ഇതെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

| ക്രമ നം | ഫണ്ട് | ചെലവ് തുക (₹) | | | വ്യത്യാസത്തിന് കാരണം | |
|---|---|---|---|---|---|---|
| | | എ.സി.ആർ പ്രകാരം | വാർഷിക കണക്ക് പ്രകാരം (RP-7) | വ്യത്യാസം | പ്രൊജക്ട് | റിക്വിസിഷൻ തുക (₹) |
| 1 | വികസന ഫണ്ട് (ജനറൽ) | 2,95,85,017 | 2,86,68,287 | 9,16,730 | 118/23 - ചുള്ളിയാലപ്പുറായ അംഗൻവാടിയിൽ സ്ത്രീശാക്തീകരണകേന്ദ്രം | 3,99,196 |
| | | | | | 82/23 - അമ്പാട്ട് പൊറ്റ അംഗനവാടി പൂർത്തീകരണം | 5,17,534 |
| | | | | | ആകെ | 9,16,730 |

| | | | | | | |
|---|---|---|---|---|---|---|
| 2 | മെയിന്റനൻസ് ഫണ്ട് (നോൺ - റോഡ്) | 80,77,966 | 78,67,855 | 2,10,111 | 25/23 - സി.എച്ച്.സി പെരുവള്ളൂർ മെയിന്റനൻസ് | 2,10,111 |

## 1-1-3 ആസ്തി രജിസ്റ്റർ കാലികമാക്കിയില്ല

ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-11 പ്രകാരം ഈയിനത്തിൽ രേഖപ്പെടുത്തിയ തുകയുടെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കുന്നതിന് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും, ആയത് കാലികമാക്കി സൂക്ഷിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി.

## 1-1-4 ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല

ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും (₹34,02,672), മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി രേഖപ്പെടുത്തിയിരിക്കുന്ന തുകയും (₹5,85,823) തമ്മിൽ പൊരുത്തപ്പെടുന്നില്ല. വ്യത്യാസം പരിശോധിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി.

## 1-2 ബജറ്റ്

| 2022-23ലെ ബജറ്റ് പാസ്സാക്കിയ തീരുമാന നം./തിയ്യതി | 2022-23ലെ ബജറ്റ് പുതുക്കിയ തീരുമാന നം./തിയ്യതി |
|---|---|
| 1(1)/31.03.2022 | 3(1)/25.08.2022, 5(1)/06.03.2023 |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം)

| ഇനം | തുക (₹) |
|---|---|
| മുന്നിരിപ്പ് | 1,57,06,360 |
| വരവ് | 8,24,15,328 |
| ആകെ | 9,81,21,688 |
| ചെലവ് | 8,18,29,505 |
| നീക്കിയിരിപ്പ് | 1,62,92,183 |

## 1-4 ഫണ്ട് വിനിയോഗം (ACR പ്രകാരം )

| ഫണ്ടിനം | മുൻബാക്കി (₹) | തൻവർഷ വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരിപ്പ് / ലാപ്സായ തുക (₹) |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 3,25,11,000 | 3,25,11,000 | 2,95,85,017 | 29,25,983 |
| വികസനഫണ്ട് (എസ്.സി.പി.) | 0 | 1,16,42,000 | 1,16,42,000 | 73,89,404 | 42,52,596 |
| സംരക്ഷണഗ്രാന്റ് (റോഡിതരം) | 0 | 1,04,09,000 | 1,04,09,000 | 80,77,966 | 23,31,034 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 0 | 1,09,71,029 | 1,09,71,029 | 91,48,464 | 18,22,565 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺ ടൈഡ്) | 0 | 58,35,426 | 58,35,426 | 46,81,338 | 11,54,088 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (₹) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (₹) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 110 | 10,85,13,198 | 73 | 6,29,79,076 | 5 | 32 | 66.36% |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ.

ഇല്ല.

## 1-6 തൊഴിലുറപ്പ് പദ്ധതി

ഇല്ല.

## 1-7 ക്ഷേമപദ്ധതികൾ

ഇല്ല.

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22.06.2023 ന് 03.30 PM മണിക്ക് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് ബാലൻസ് ഉണ്ടായിരുന്നില്ല.

## 1-9 ആഭ്യന്തര നിയന്ത്രണം

1. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.
2. വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമല്ല. പദ്ധതി മോണിറ്ററിംഗ് ഫലപ്രദമല്ല.
3. ശിശുവികസന പദ്ധതി ഓഫീസർ (അഡീഷണൽ) പ്രൊജക്ട് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.
4. ശിശുവികസന പദ്ധതി ഓഫീസറുടെ (അഡീഷണൽ) ക്യാഷ്ബുക്ക് പരിപാലനം കാര്യക്ഷമമല്ല. ഇടപാടുകൾ ക്യാഷ്ബുക്കിൽ രേഖപ്പെടുത്തുന്ന വേളയിൽ വരവ് ഭാഗത്തും ചെലവ് ഭാഗത്തും തിയ്യതിയും പ്രൊജക്ട് വിവരങ്ങളും ബിൽ തുകയും മാത്രമാണ് രേഖപ്പെടുത്തുന്നത്. വരവ് ഭാഗത്ത് ബിൽ നമ്പർ ഉൾപ്പെടെയുള്ള വിവരങ്ങളും, ചെലവ് ഭാഗത്ത് പണം വിതരണം ചെയ്തത് ആർക്ക് എന്നതിന്റെ വിവരങ്ങളും രേഖപ്പെടുത്തേണ്ടതാണ്.
5. ഡയറി എക്സ്റ്റൻഷൻ ഓഫീസറുടെ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിപ്പ് തൃപ്തികരമല്ല. ഓഡിറ്റ് കാലയളവിൽ ലഭിച്ച ലാപ്ടോപ്പ്, യു.എസ്.ബി ഡ്രൈവ്, സ്റ്റീൽ അലമാര, റിവോൾവിങ്ങ് ചെയർ എന്നിവയുടെ വിവരം ഒരു പേജിൽ രേഖപ്പെടുത്തുകയാണ് ചെയ്തിട്ടുള്ളത്. ഇൻഡക്സ് തയ്യാറാക്കി ഓരോ ഉപകരണത്തിനും പ്രത്യേകം പേജ് അനുവദിക്കുകയും, ഉപകരണത്തിന്റെ വിവരണത്തിൽ പ്രോജക്ട് വിവരം, ആരിൽ നിന്ന് ലഭ്യമായി, ഇൻവോയ്സ് വിവരം തുടങ്ങിയവ രേഖപ്പെടുത്തേണ്ടതുമാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 25.05.2022 മുതൽ 05.06.2022 വരെ | 2021-22 | 23.06.2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 19.09.2016 | 01.06.2013 മുതൽ 31.07.2016 വരെ | 12.05.2017 |

## 1-11 നിക്ഷേപ പ്രവൃത്തികളിൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന മുൻകൂറുകൾ - അവലോകനം.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതി നിർവ്വഹണത്തിന് വേണ്ടി വിവിധ ഏജൻസികളിൽ മുൻകൂറായി തുക ഡിപ്പോസിറ്റ് ചെയ്തു വരുന്നുണ്ട്. സാങ്കേതിക കാരണങ്ങളാൽ പ്രവൃത്തി ഉപേക്ഷിക്കുകയോ, പൂർത്തീകരിക്കാതിരിക്കുകയോ ചെയ്യുമ്പോൾ ഡിപ്പോസിറ്റ് തുക പൂർണമായോ പൂർത്തീകരിച്ച പ്രവൃത്തികളിൽ വിനിയോഗ സാക്ഷ്യപത്രം/ മൂല്യ നിർണ്ണയം പ്രകാരമുള്ള തുക കഴിച്ചുള്ള തുകയോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് തിരിച്ച് നൽകുന്നതിൽ ഏജൻസികൾ വീഴ്ച്ച വരുത്തുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്.

12, 13 പഞ്ചവത്സരപദ്ധതി കാലയളവിൽ (2012-13 മുതൽ 2021-22 വരെ) പദ്ധതി നിർവ്വഹണത്തിന് വേണ്ടി വിവിധ ഏജൻസികൾക്ക് മുൻകൂർ നൽകിയ തുകകൾ ക്രമീകരിക്കാൻ അവശേഷിക്കുന്നുണ്ടോ എന്ന് പരിശോധനക്ക് വിധേയമാക്കലാണ് ഈ അവലോകനത്തിന്റെ ലക്ഷ്യം. 2012-13 മുതൽ 2021-22 വരെയുള്ള കാലയളവുകളിലെ ഈ വകുപ്പ് പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകൾ, പ്ലാൻ മോണിറ്ററിംഗ് സോഫ്റ്റ്വെയറിൽ (സുലേഖ) നിന്നുള്ള വിവരങ്ങൾ എന്നിവ അടിസ്ഥാനമാക്കി തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് ഓഡിറ്റ് എൻക്വയറി [എൻക്വയറി നമ്പർ-1/20.06.2023] നൽകുകയും, ആയതിന് സ്ഥാപനം 23.06.2023 ന് ലഭ്യമാക്കിയ മറുപടി പരിശോധിക്കുകയും ചെയ്താണ് അവലോകനം തയ്യാറാക്കിയിട്ടുള്ളത്.

ചുവടെ ചേർത്തിട്ടുള്ള പ്രവൃത്തികളിൽ മുൻകൂർ ക്രമീകരിക്കാൻ അവശേഷിക്കുന്നതായി പരിശോധനയിൽ ബോധ്യപ്പെട്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ര.നം | പ്രൊജക്ട് നം | പ്രൊജക്ട് പേര് | സാമ്പത്തിക വർഷം | ഏജൻസി | മുൻകൂർ നൽകിയ | ഫണ്ട് ഇനം | ചെലവഴിച്ച തുക | ചെലവഴിക്കാൻ അവശേഷിക്കുന്ന |
|---|---|---|---|---|---|---|---|---|

| | | | | | തുക | | (വിനിയോഗ സാക്ഷ്യപത്രം/ മൂല്യ നിർണ്ണയം പ്രകാരം) | / ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക |
|---|---|---|---|---|---|---|---|---|
| 1 | 18 | ചാപ്പപ്പാറയിലേക്ക് കെ.ഡബ്ലിയു.എ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 2013-14 | കേരളാ വാട്ടർ അതോറിറ്റി | 1,50,000 | Development Fund(General) - 150000 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല | 1,50,000 |
| 2 | 34 | അറ്റത്തങ്ങാടി ഹാജിയാർ വളപ്പ് കോളനി കെ.ഡബ്ലിയു.എ. പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 2013-14 | കേരളാ വാട്ടർ അതോറിറ്റി | 2,50,000 | Development Fund(General) - 250000 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല | 2,50,000 |
| 3 | 63 | വെന്നിയൂർ മുക്കട്ടിൽ ചോലയിൽപാടം കുടിവെള്ള പദ്ധതിക്ക് ത്രീ ഫേസ് ലൈൻ വലിക്കൽ(ബാലൻസ് തുക) | 2013-14 | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 16,871 | Development Fund(General) - 16871 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല | 16,871 |
| 4 | 113 | ബ്ലോക്ക് പരിധിയിലുള്ള ഗ്രാമപഞ്ചായത്തുകളിൽ പൈപ്പ് ലൈൻ നീട്ടലും മോട്ടോർ സ്ഥാപിക്കലും കെ.ഡബ്ല്യൂ.എ ക്ക് ബ്ലോക്ക് വിഹിതം നൽകൽ | 2016-17 | കേരളാ വാട്ടർ അതോറിറ്റി | 22,75,000 | Development Fund(General) - 2275000 | 21,34,284 | 1,40,716 |
| 5 | 21 | ചേളാരി-തയ്യിലക്കടവ് പൈപ്പ് ലൈൻ നീട്ടൽ കെ.ഡബ്ല്യൂ.എ ക്ക് വിഹിതം | 2017-18 | കേരളാ വാട്ടർ അതോറിറ്റി | 9,00,000 | Development Fund(General) - 900000 | 5,66,080 | 3,33,920 |
| 6 | 99 | പെരുവള്ളൂർ ഗ്രാമപഞ്ചായത്തിലെ പൂതംകുറ്റി-കുന്നത്ത് പറമ്പ്,മേണ്ണോളിമാട് ട്രാൻസ്ഫോർമർ സ്ഥാപിക്കൽ കെ.എസ്.ഇ.ബി ക്ക് ബ്ലോക്ക് വിഹിതം | 2017-18 | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 15,89,411 | Development Fund(General) - 1589411 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല | 15,89,411 |
| 7 | 27 | പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ കെ,ഡബ്ല്യ.എ ഡെപ്പോസിറ്റ് | 2018-19 | കേരളാ വാട്ടർ അതോറിറ്റി | 14,30,000 | Development Fund(General) - 1430000 | 11,74,958 | 2,55,042 |
| 8 | 34 | ബ്ലോക്ക് പരിധിയിൽ ഇലക്ട്രിക്കൽ ലൈൻ ദീർഘിപ്പിക്കൽ | 2018-19 | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 9,55,500 | Development Fund(General) - 955500 | 8,32,597 | 1,22,903 |
| 9 | 5 | കെ.ഡബ്ല്യൂ.എ ഡെപ്പോസിറ്റ്(ജനറൽ) പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 2019-20 | കേരളാ വാട്ടർ അതോറിറ്റി | 3,00,000 | Development Fund(General) - 300000 | 1,39,014 | 1,60,986 |
| 10 | 8 | ബ്ലോക്ക് പരിധിയിൽ ഇലക്ട്രിക്ക് ലൈൻ ദീർഘിപ്പിക്കൽ | 2019-20 | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 33,10,910 | Development Fund(General) - 3310910 | 30,09,929 | 3,00,981 |
| 11 | 19 | കെ.ഡബ്ല്യൂ.എ ഡെപ്പോസിറ്റ്(എസ്.സി.പി പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 2019-20 | കേരളാ വാട്ടർ അതോറിറ്റി | 1,10,000 | Development Fund(S.C.P) - 110000 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല | 1,10,000 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 12 | 37 | കെഡ്ബ്യൂഎ ഡെപ്പോസിറ്റ് - പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ (എസ് സി പി) | 2020-21 | കേരളാ വാട്ടർ അതോറിറ്റി | 3,80,000 | Development Fund(S.C.P) - 380000 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല | 3,80,000 |
| 13 | 39 | കെഡബ്ല്യൂഎ ഡെപ്പോസിറ്റ് - പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 2020-21 | കേരളാ വാട്ടർ അതോറിറ്റി | 5,00,000 | Development Fund(CFC Tied Grant ) - 500000 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല | 5,00,000 |
| 14 | 40 | ബ്ലോക്ക് പരിധിയിലെ ഇലക്ട്രിക്ക് ലൈൻ എക്സ്റ്റൻഷനം വോൾട്ടേജ് ഇംപ്രൂവ്മെൻറും | 2020-21 | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 23,20,319 | Development Fund(CFC Basic Grant ) - 500000 , Development Fund(General) - 1820319 | 4,81,950 | 18,38,369 |
| 15 | 84 | കെ.ഡബ്ല്യൂ.എ ഡെപ്പോസിറ്റ്(ജനറൽ) പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 2020-21 | കേരളാ വാട്ടർ അതോറിറ്റി | 6,00,000 | Development Fund(General) - 600000 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല | 6,00,000 |
| 16 | 88 | കെ.ഡബ്ല്യൂ.എ ഡെപ്പോസിറ്റ്(എസ്.സി.പി) പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 2020-21 | കേരളാ വാട്ടർ അതോറിറ്റി | 8,90,000 | Development Fund(S.C.P) - 890000 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല | 8,90,000 |
| 17 | 85 | തച്ചിലക്കാട് ചേർനിൽ പാടം പാലത്തിങ്ങൽകാട് മാതാപുഴ ഇലക്ട്രിസിറ്റി ലൈൻ എക്സ്റ്റൻഷൻ | 2020-21 | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 1,64,911 | Development Fund(CFC Basic Grant ) - 164911 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല | 1,64,911 |
| 18 | 100 | കെഡ്ബ്യൂഎ ഡെപ്പോസിറ്റ് - പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ (എസ്.സി.പി) | 2021-22 | കേരളാ വാട്ടർ അതോറിറ്റി | 4,00,000 | Development Fund(S.C.P) - 400000 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല | 4,00,000 |
| 19 | 125 | കുണ്ടൂർ ഡിവിഷനിലെ വിവിധ ഭാഗങ്ങളിൽ ത്രീ ഫേസ് ലൈൻ വലിക്കൽ സ്ട്രീററ് മെയിൻ സ്ഥാപിക്കൽ- കെഎസ്ഇബി ഡിപ്പോസിറ്റ് | 2021-22 | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 4,64,000 | Development Fund(General) - 464000 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല | 4,64,000 |
| 20 | 27 | പെരുവള്ളൂർ പഞ്ചായത്ത് കടുങ്ങിൽമാട് ട്രാൻസ്ഫോർമർ സ്ഥാപിക്കൽ | 2021-22 | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 8,58,109 | Development Fund(General) - 858109 | 8,48,577 | 9,532 |
| 21 | 127 | ലക്ഷംവീട് ജംഗ്ഷൻ കടക്കാട്ട്പാറ (ആലച്ചാട്ട് പടി) പൈപ്പ് ലൈൻ എക്സ്റ്റൻഷൻ - കെഡബ്ള്യൂഎ ഡിപ്പോസിറ്റ് | 2021-22 | കേരളാ വാട്ടർ അതോറിറ്റി | 3,10,859 | Development Fund(General) - 310859 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല | 3,10,859 |
| 22 | 144 | തേഞ്ഞിപ്പലം ഡിവിഷൻ തേഞ്ഞിപ്പലം ഗ്രാമപഞ്ചായത്ത് 3 13 വാർഡുകളിൽ സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | 2021-22 | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 4,99,848 | Development Fund(CFC Basic Grant ) - 499848 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല | 4,99,848 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 23 | 146 | ശങ്കരമാടി പരിച്ചാൽ ഭാഗത്ത് ട്രാൻസ്ഫോർമർ - പെരുവള്ളൂർ ഗ്രാമപഞ്ചായത്ത് വാർഡ് 18 | 2021-22 | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 7,64,464 | Development Fund(CFC Basic Grant ) - 764464 | 5,90,325 | 1,74,139 |
| | | ആകെ | | | | | | 96,62,488 |

മേൽ പ്രവൃത്തികളിലായി 96,62,488/- രൂപ വിനിയോഗ സാക്ഷ്യപത്രം ലഭിക്കാതെ വിവിധ ഏജൻസികളിൽ അവശേഷിക്കുന്നുണ്ട്. ആയത് പ്രോജക്ട് പ്രകാരമുള്ള പ്രവൃത്തികൾക്ക് വിനിയോഗിച്ചതിന്റെ വിവരം അടിയന്തിരമായി ലഭ്യമാക്കേണ്ടതാണ്. അല്ലാത്തപക്ഷം തുക തിരികെ ലഭ്യമാക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതും, പ്ലാൻ ഫണ്ട് വിഹിതം സർക്കാറിലേക്ക് അടവാക്കേണ്ടതുമാണ്.

## 1-12 ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽ വരാത്ത പ്രോജക്ടുകൾ നടപ്പിലാക്കി

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം , 172 (1) ാം വകുപ്പ് , പട്ടിക -4 പ്രകാരം ബ്ലോക്ക് പഞ്ചായത്തുകളുടെ അധികാരങ്ങളും മേഖലാടിസ്ഥാനത്തിലുള്ള ചുമതലകളും വ്യക്തമാക്കിയിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്തിൽ നിക്ഷിപ്തമായിട്ടുള്ളതും സർക്കാർ കാലാകാലങ്ങളിൽ ഏൽപിച്ച് നൽകുന്നതുമായ ചുമതലകൾ നിറവേറ്റുന്നതിന് വേണ്ടിയുള്ള പ്രോജക്ടുകളാണ് പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ച് കൊണ്ട് ബ്ലോക്ക് പഞ്ചായത്തുകൾ ആവിഷ്കരിച്ച് നടപ്പാക്കേണ്ടത്. എന്നാൽ ഓഡിറ്റ് വർഷത്തിൽ ട്രാൻസ്ഫോർമർ സ്ഥാപിക്കുക, സ്ട്രീറ്റ് മെയിൻ വലിക്കുക, ത്രീഫേസ് ലൈൻ വലിക്കുക തുടങ്ങിയ പ്രവൃത്തികൾക്കായി കെ.എസ്.ഇ.ബി.യിൽ തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. വൈദ്യുതി എത്താത്ത പ്രദേശങ്ങളിലേക്ക് വൈദ്യുതി എത്തിക്കുന്നതിന് വേണ്ടിയുള്ള വൈദ്യുതി ലൈൻ ദീർഘിപ്പിക്കുന്ന പ്രവൃത്തികൾ ഏറ്റെടുത്ത് നിർവ്വഹിക്കുന്നതിന് മാത്രമാണ് തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് അനുമതിയുള്ളത്. തെരുവ് വിളക്കുകൾ സ്ഥാപിക്കലും പരിപാലിക്കലും ഗ്രാമ പഞ്ചായത്ത്/ നഗരസഭകളുടെ ചുമതലയിൽ വരുന്നതായതിനാൽ സ്ട്രീറ്റ് മെയിൻ വലിക്കുക എന്നത് ബ്ലോക്ക് പഞ്ചായത്തുകളുടെ ചുമതലയിൽ വരുന്നില്ല. വോൾട്ടേജ് ക്ഷാമം പരിഹരിക്കലും വൈദ്യുതിയുടെ ഗുണമേൻമ വർദ്ധിപ്പിക്കലും കെ.എസ്.ഇ.ബി. യുടെ ചുമതലയിൽ വരുന്ന കാര്യമാണ്. ട്രാൻസ്ഫോർമർ സ്ഥാപിക്കുക, ത്രീഫേസ് ലൈൻ വലിക്കുക തുടങ്ങിയ പ്രവൃത്തികൾ തദ്ദേശ ഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കരുതെന്ന് പദ്ധതി മാർഗ്ഗരേഖയിൽ സർക്കാർ നിർദ്ദേശിച്ചിട്ടുമുണ്ട്. എന്നാൽ സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ചുവടെ ചേർത്തിട്ടുള്ള പ്രോജക്ടുകൾ ബ്ലോക്ക് പഞ്ചായത്ത് നടപ്പാക്കിയിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തി | തുക (₹) | ബിൽ നമ്പർ | റിമാർക്സ് |
|---|---|---|---|---|
| 1 | തട്ടാശ്ശേരിമാട് ഭാഗത്ത് ട്രാൻസ്ഫോർമർ സ്ഥാപിക്കൽ (തേഞ്ഞിപ്പലം ഗ്രാ.പ)<br>പ്രോജക്ട് നമ്പർ-66/23 | 8,94,500 | 49/3.2.2023<br>6,00,000 രൂപ (പ്ലാൻ)<br>151/16.1.2023 (PFMS)<br>2,94,500 രൂപ (സി.എഫ്.സി) | ചേളാരി കെ.എസ്.ഇ.ബി. സെക്ഷൻ അസി. എഞ്ചിനീയർക്ക് തുക കൈമാറിയിട്ടുണ്ട്.<br>വിനിയോഗ/ പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. |
| 2 | യൂണിവേഴ്സിറ്റി ഡിവിഷനിലെ വാരിയത്ത് - പാലിശ്ശേരി എസ്.സി.കോളനിയിൽ സ്ട്രീറ്റ്മെയിൻ സ്ഥാപിക്കൽ (തേഞ്ഞിപ്പലം ഗ്രാ.പ)<br>പ്രോജക്ട് നമ്പർ-68/23 | 2,30,832 | 57/4.2.2023<br>2,30,832 രൂപ (പ്ലാൻ) | ചേളാരി കെ.എസ്.ഇ.ബി. സെക്ഷൻ അസി. എഞ്ചിനീയർക്ക് തുക കൈമാറിയിട്ടുണ്ട്.<br>വിനിയോഗ/ പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. |
| 3 | തേഞ്ഞിപ്പലം ഡിവിഷനിലെ മണിക്കളത്ത്,അരിപ്പാറ, മോടാഞ്ചേരി, മനമറ്റത്ത് എന്നീ എസ്.സി.കോളനികളിൽ | 5,02,392 | 53/3.2.2023<br>1,67,602 രൂപ (പ്ലാൻ SCP)<br>83/20.3.23, | ചേളാരി കെ.എസ്.ഇ.ബി. സെക്ഷൻ അസി. എഞ്ചിനീയർക്ക് തുക |

| | | | | |
|---|---|---|---|---|
| | സ്ട്രീറ്റ്മെയിൻ സ്ഥാപിക്കൽ (തേഞ്ഞിപ്പലം ഗ്രാ.പ)<br>പ്രോജക്ട് നമ്പർ-79/23 | | 1,54,820 രൂപ (പ്ലാൻ എസ്.സി.പി)<br>82/20.3.2023, 1,79,970 രൂപ<br>(പ്ലാൻ എസ്.സി.പി) | കൈമാറിയിട്ടുണ്ട്.<br>വിനിയോഗ/ പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. |
| 4 | കൃഷിഭവൻ-പള്ളാട്ട്, അമ്പലപ്പടി കളരിക്കൽ ഹൈസ്കൂൾ പടി പള്ളാട്ട് റോഡുകളിൽ സ്ട്രീറ്റ്മെയിൻ സ്ഥാപിക്കൽ (നന്നമ്പ്ര ഗ്രാ.പ)<br>പ്രോജക്ട് നമ്പർ-119/23 | 1,58,214 | 211/28.2.2023 (PFMS)<br>1,58,214 രൂപ (സി.എഫ്.സി) | താനൂർ ഈസ്റ്റ് കെ.എസ്.ഇ.ബി. സെക്ഷൻ അസി. എഞ്ചിനീയർക്ക് തുക കൈമാറിയിട്ടുണ്ട്.<br>വിനിയോഗ/ പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. |
| 5 | കുണ്ടൂർ ഡിവിഷൻ 4,6,7,9 വാർഡുകളിൽ സ്ട്രീറ്റ്മെയിൻ സ്ഥാപിക്കലും ത്രീഫൈസ് ലൈൻ സ്ഥാപിക്കലും (നന്നമ്പ്ര ഗ്രാ.പ)<br>പ്രോജക്ട് നമ്പർ-64/23 | 4,99,558 | 47/3.2.2023<br>4,99,558 രൂപ (പ്ലാൻ) | വെന്നിയൂർ കെ.എസ്.ഇ.ബി. സെക്ഷൻ അസി. എഞ്ചിനീയർക്ക് തുക കൈമാറിയിട്ടുണ്ട്.<br>വിനിയോഗ/ പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. |
| 6 | ചെനക്കലങ്ങാടി മുതൽ ഇരുമ്പോത്തിൻകടവ് വരെ സ്ട്രീറ്റ്മെയിൻ സ്ഥാപിക്കൽ (വള്ളിക്കുന്ന് ഗ്രാ.പ)<br>പ്രോജക്ട് നമ്പർ-65/23 | 4,99,140 | 46/3.1.2023<br>4,99,140 രൂപ (പ്ലാൻ) | വള്ളിക്കുന്ന് കെ.എസ്.ഇ.ബി. സെക്ഷൻ അസി. എഞ്ചിനീയർക്ക് തുക കൈമാറിയിട്ടുണ്ട്.<br>വിനിയോഗ/ പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. |
| | ആകെ | 27,84,636 | | |

മേൽ പ്രവൃത്തികളുടെ വിനിയോഗ/ പൂർത്തീകരണ സാക്ഷ്യപത്രവും ലഭ്യമായിട്ടില്ല. അപാകതയ്ക്ക് വിശദീകരണമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ- 7/22.6.2023 നുള്ള മറുപടിയിൽ ഗ്രാമ പഞ്ചായത്തുകളുടെ ഫണ്ടിന്റെ അപര്യാപ്തത മൂലമാണ് ജനോപകാരം മുൻനിർത്തി ബ്ലോക്ക് പഞ്ചായത്ത് ഈ പ്രോജക്ട് ഏറ്റെടുത്തതെന്ന് വിശദീകരിച്ചിട്ടുണ്ട്. ഇപ്രകാരം ഏറ്റെടുക്കുന്നതിന് പദ്ധതി മാർഗ്ഗരേഖയിൽ അനുമതിയില്ലാത്തതിനാൽ സെക്രട്ടറിയുടെ മറുപടി അംഗീകരിക്കുന്നില്ല. ക്രമപ്രകാരമല്ലാത്ത ചെലവിന് സർക്കാരിൽ നിന്നും സാധൂകരണം ലഭ്യമാക്കേണ്ടതാണ്. മേൽ തുകകളുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. ചെലവ് തുക 27,84,636/- രൂപ തടസ്സം ചെയ്യുന്നു.

## 1-13 കണക്കിൽ പെടാത്ത പണം അക്കൗണ്ടിൽ അവശേഷിക്കുന്നു.

തിരൂരങ്ങാടി ബ്ലോക്ക് അസിസ്റ്റന്റ് എഞ്ചിനിയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ എന്നിവരുടെ പേരിൽ വിവിധ ബാങ്ക്, ട്രഷറി അക്കൗണ്ടുകളിലായി കണക്കിൽ പെടാത്ത പണം ചെലവഴിക്കാതെ അവശേഷിക്കുന്നതായി പരിശോധനയിൽ വ്യക്തമായി.

വിശദ വിവരം താഴെ നൽകുന്നു

| അക്കൗണ്ട് വിവരങ്ങൾ | 31.03.2023 ലെ നീക്കിയിരുപ്പ് (₹) |
|---|---|
| അസിസ്റ്റന്റ് എഞ്ചിനിയർ LSGD തിരൂരങ്ങാടി<br>Acc No. 67179065194 (SBI തിരൂരങ്ങാടി) | 5,09,711.50 |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ<br>LSGD സബ് ഡിവിഷൻ തിരൂരങ്ങാടി<br>Acc No. 67234140398 (SBI തിരൂരങ്ങാടി) | 50,096.50 |

അസിസ്റ്റന്റ് എഞ്ചിനിയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ എന്നിവരുടെ കാഷ്ബുക്ക് പരിശോധിച്ചതിൽ അക്കൗണ്ടുകളിലെ വരവ് ചെലവ് വിവരങ്ങൾ ശരിയായി കാഷ്ബുക്കിൽ രേഖപ്പെടുത്തുന്നില്ല എന്ന് വ്യക്തമായി. ആയതിനാൽത്തന്നെ നീക്കിയിരുപ്പ് വിവരവും കാഷ്ബുക്കിൽ പ്രതിഫലിക്കുന്നില്ല.

പ്രവൃത്തി ബില്ല് തയ്യാറാക്കി റിക്വസിഷൻ മുഖേന ആവശ്യപ്പെടുന്ന തുക, മരാമത്ത് പ്രവൃത്തികൾക്കല്ലാതെ എഞ്ചിനിയറിംഗ് വിഭാഗത്തിന്റെ ഓഫീസ് പ്രവർത്തനത്തിന് അനുവദിക്കുന്ന തുക, ടെണ്ടറിന്റെ ഭാഗമായി ടെണ്ടർ ഫീ, EMD എന്നിങ്ങനെ വിവിധ ഇനങ്ങളിലായി അക്കൗണ്ടുകളിൽ പണം വരാൻ സാധ്യതയുണ്ട്. AE, AEE യുടെ പേരിലുള്ള എല്ലാ അക്കൗണ്ടുകളിലെയും വരവ് ചെലവുകൾ കാഷ്ബുക്കിൽ രേഖപ്പെടുത്തേണ്ടതായിരുന്നു എങ്കിലും ട്രഷറി, ബാങ്ക് അക്കൗണ്ടുകളിലെ വരവ് ചെലവുകൾ കാഷ്ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. അതിനാൽത്തന്നെ ചെലവഴിക്കാതെ അവശേഷിക്കുന്ന തുക ഏത് ഇനത്തിലുള്ളതാണ് എന്ന് ഓഡിറ്റിന് കണ്ടെത്താൻ സാധിച്ചിട്ടില്ല.

ചെലവഴിക്കാതെ അവശേഷിക്കുന്ന തുകകൾ ഏതിനത്തിലുള്ളതാണ് എന്ന് വ്യക്തമാക്കേണ്ടതും തുക അർഹമായവർക്ക് വിതരണം ചെയ്ത് /ബന്ധപ്പെട്ട അക്കൗണ്ടിലേക്ക് അടവാക്കി വിവരം അറിയിക്കേണ്ടതുമാണ്.

## 1-14 കാഷ്ബുക്ക് ശരിയായി എഴുതിയിട്ടില്ല.

ഒരു ഓഫീസിലെ സാമ്പത്തിക ഇടപാടുകളുടെ അടിസ്ഥാന രേഖയാണ് കാഷ്ബുക്ക്. കേരള ട്രഷറി കോഡ് റൂൾ 92 പ്രകാരം എല്ലാ സർക്കാർ ഓഫീസുകളിലും TR7A മാതൃകയിലുള്ള കാഷ് ബുക്ക് എഴുതി സൂക്ഷിക്കേണ്ടതാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് വിനിയോഗം സംബന്ധിച്ച GO(P) 177/2006/Fin Dt 12.04.2006 നമ്പർ ഉത്തരവിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ എല്ലാ നിർവഹണോദ്യോഗസ്ഥരും നിശ്ചിത മാതൃകയിലുള്ള കാഷ്ബുക്ക് എഴുതി സൂക്ഷിക്കേണ്ടതാണ് എന്ന് വ്യക്തമായി നിർദ്ദേശിച്ചിട്ടുമുണ്ട്.

അസിസ്റ്റന്റ് എക്സിക്യൂട്ടീവ്എഞ്ചിനിയറുടെയും അസിസ്റ്റന്റ് എഞ്ചിനിയറുടെയും കാഷ് ബുക്ക് പരിശോധിച്ചതിൽ കാഷ്ബുക്ക് ശരിയായി എഴുതി സൂക്ഷിക്കുന്നില്ല എന്ന് വ്യക്തമായി.

അപാകതകൾ താഴെ നൽകുന്നു.

1. കാഷ്ബുക്ക് ദിനേന, പ്രതിമാസ ക്ലോസിംഗ് നടത്തിയിട്ടില്ല.
2. പരിശോധനക്ക് ഹാജരാക്കിയ കാഷ്ബുക്കിൽ വരവ് ചെലവുകളുടെ രസീത്/ ബിൽ, വൗച്ചർ നമ്പർ എന്നിവ രേഖപ്പെടുത്തിയിട്ടില്ല.
3. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ, അസിസ്റ്റന്റ് എഞ്ചിനിയർ എന്നിവരുടെ പേരിലുള്ള ട്രഷറി, ബാങ്ക് അക്കൗണ്ടുകളിലെ വരവ്, ചെലവ്, നീക്കിയിരുപ്പ് വിവരങ്ങൾ കാഷ്ബുക്കിൽ ചേർത്തിട്ടില്ല.
4. ബാങ്ക്, ട്രഷറി അക്കൗണ്ടുകളുടെ റികൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

കാഷ് ബുക്ക് ശരിയായി എഴുതി സൂക്ഷിക്കാൻ ശ്രദ്ധിക്കേണ്ടതാണ്

## 1-15 ഇലക്ട്രിക്കൽ പ്രവൃത്തി നടത്തിപ്പ് - സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഇലക്ട്രിക്കൽ പ്രവൃത്തി നടപ്പാക്കുന്നത് സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ സ.ഉ. (കൈ) നം.84/2022/തസ്വഭവ തി.19.04.2022 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്.

ഉത്തരവിലെ പ്രധാന നിർദ്ദേശങ്ങൾ താഴെ നൽകുന്നു.

1. ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളുടെയും മുനിസിപ്പാലിറ്റികളുടെയും ഇലക്ട്രിക്കൽ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് പരിശോധിച്ച് സാങ്കേതികാനുമതി നൽകുന്നതിന് ജില്ലാ ആസൂത്രണ സമിതി ഒരു ടെക്നിക്കൽ കമ്മിറ്റി രൂപീകരിക്കേണ്ടതാണ്.
2. ഇലക്ട്രിക്കൽ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുക, ടെണ്ടർ രേഖകൾ തയ്യാറാക്കുക. നിർവ്വഹണ മേൽനോട്ടം വഹിക്കുക, അളവുകൾ രേഖപ്പെടുത്തുക, ബിൽ തയ്യാറാക്കുക തുടങ്ങിയ കാര്യങ്ങൾക്ക് ടെക്നിക്കൽ കമ്മിറ്റിയിലെ അംഗങ്ങളുടെ സേവനം ഉപയോഗപ്പെടുത്താവുന്നതാണ്. ടെക്നിക്കൽ കമ്മിറ്റി അംഗമായ ഒരു എഞ്ചിനീയറെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് തിരഞ്ഞെടുക്കാവുന്നതും മേൽപ്പറഞ്ഞ ചുമതലകൾ നിറവേറ്റുന്നതിന് പ്രസ്തുത എഞ്ചിനീയറുമായി കരാറിൽ ഏർപ്പെടാവുന്നതുമാണ്. കരാറിൽ ചുമതലകളും വ്യവസ്ഥകളും വ്യക്തമാക്കുകയും സമ്മതപത്രം വാങ്ങുകയും വേണം. എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് എസ്റ്റിമേറ്റിന്റെ 0.5 ശതമാനം തുക (കുറഞ്ഞത് 1,000/- രൂപ, പരമാവധി 50,000/- രൂപ)

പ്രതിഫലം/ഓണറേറിയം ആയി നൽകാവുന്നതാണ്. ടെണ്ടർ രേഖകൾ തയ്യാറാക്കുക, നിർവ്വഹണ മേൽനോട്ടം വഹിക്കുക, അളവുകൾ രേഖപ്പെടുത്തുക. ബിൽ തയ്യാറാക്കുക തുടങ്ങിയവയ്ക്ക് 1.5 ശതമാനം തുകയും (കുറഞ്ഞത് 2,000/- രൂപ, പരമാവധി 2,00,000/- രൂപ) പ്രതിഫലം നൽകാം.

3. ചെക്ക് മെഷർമെന്റ് നടത്തുന്നതിനും ടെക്നിക്കൽ കമ്മിറ്റിയിലെ ഒരു അംഗത്തിന്റെ സേവനം ഉപയോഗപ്പെടുത്താവുന്നതാണ്. എന്നാൽ നിർവ്വഹണ മേൽനോട്ടം നടത്തി അളവുകൾ രേഖപ്പെടുത്തിയ അതേ അംഗത്തെ തന്നെ ചെക്ക് മെഷർമെന്റ് നടത്തുന്നതിന് നിയോഗിക്കാൻ പാടില്ല. മറ്റൊരു അംഗത്തെ നിയോഗിക്കാവുന്നതാണ്. എസ്റ്റിമേറ്റിന്റെ 0.5 ശതമാനം തുക (കുറഞ്ഞത് 1,000/- രൂപ, പരമാവധി 50,000/- രൂപ) ഇതിന് പ്രതിഫലമായി നൽകാവുന്നതാണ്.

2022- 23 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പിലാക്കിയ വിവിധ ഇലക്ട്രിക്കൽ പ്രവൃത്തികളുടെ വിവരം താഴെ നൽകുന്നു.

| ക്രമ നം | പ്രൊജക്ട് | ചെലവ് തുക (വൗച്ചർ നമ്പർ ) | കുറിപ്പ് |
|---|---|---|---|
| 1 | ടേക്ക് എ ബ്രേക്ക് ഇലക്ട്രിഫിക്കേഷൻ (122/23) | ₹1,19,836 (22200689/31.03.2023) | പ്രവൃത്തി നടത്തിപ്പ്, സാങ്കേതികാനുമതി, ചെക്ക് മെഷർമെന്റ് എന്നിവയ്ക്കുള്ള ഫീസ് ₹4,000/- ശ്രീ. അബ്ദുൽ ഗഫൂർ കെ. എൻ. എന്നയാളുടെ അക്കൗണ്ടിലേക്ക് നൽകി |
| 2 | ബ്ലോക്ക് കോൺഫറൻസ് ഹാൾ ഇലക്ട്രിഫിക്കേഷൻ (83/23 & 36/23) | ₹2,22,283 22200434/ 14.10.2022) ₹65,193 22200439/31.10.2022) | പ്രവൃത്തി നടത്തിപ്പ്, സാങ്കേതികാനുമതി, ചെക്ക് മെഷർമെന്റ് എന്നിവയ്ക്കുള്ള ഫീസ് ₹6,218/- ശ്രീ. അബൂബക്കർ സി. കെ. എന്നയാളുടെ അക്കൗണ്ടിലേക്ക് നൽകി |

പ്രവൃത്തി രേഖകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ നൽകുന്നു.

- ഇലക്ട്രിക്കൽ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും പ്രവൃത്തികളുടെ മേൽനോട്ടം വഹിക്കുന്നതിനും തദ്ദേശ സ്വയം ഭരണ സ്ഥാപനം എഞ്ചിനിയറെ തെരഞ്ഞെടുത്തതായും കരാറിൽ ഏർപ്പെട്ടതായും കാണുന്നില്ല.
- പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുക, ടെണ്ടർ രേഖകൾ തയ്യാറാക്കുക, പ്രവൃത്തികളുടെ മേൽനോട്ടം വഹിക്കുക, ബിൽ തയ്യാറാക്കുക, പ്രവൃത്തികളുടെ സാങ്കേതിക അനുമതി നൽകുന്നതിനുള്ള പരിശോധന നടത്തുക, പ്രവൃത്തികളുടെ ചെക്ക് മെഷർമെന്റ് നടത്തുക എന്നിവക്കായുള്ള ഓണറേറിയം മുഴുവനായും ഒരാളുടെ അക്കൗണ്ടിലേക്ക് തന്നെയാണ് നൽകിയത്.

എസ്റ്റിമേറ്റ് തയ്യാറാക്കുക, ടെണ്ടർ രേഖകൾ തയ്യാറാക്കുക, പ്രവൃത്തികളുടെ മേൽനോട്ടം വഹിക്കുക, ബിൽ തയ്യാറാക്കുക, പ്രവൃത്തികളുടെ സാങ്കേതിക അനുമതി നൽകുന്നതിനുള്ള പരിശോധന നടത്തുക, പ്രവൃത്തികളുടെ ചെക്ക് മെഷർമെന്റ് നടത്തുക തുടങ്ങി ഒരു പ്രവൃത്തിയുമായി ബന്ധപ്പെട്ട എല്ലാ ചുമതലകളും ഒരാൾ തന്നെയാണ് നിർവഹിക്കുന്നത് എന്നാണ് ഇതിൽ നിന്ന് വ്യക്തമാകുന്നത്.

സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പൂർണ്ണമായി പാലിച്ച് ഇലക്ട്രിക്കൽ പ്രവൃത്തി നടപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-16 അംഗപരിമിതർക്ക് സ്കൂട്ടർ വിതരണം - തുടർനടപടി വിവരം അറിയിക്കേണ്ടതാണ്

| | | |
|---|---|---|
| പ്രോജക്ട് നം, പേര് | : | 100/23 - അംഗപരിമിതർക്ക് സൈഡ് വീലോടുകൂടിയ സ്കൂട്ടർ, ക്രമീകരിക്കാവുന്ന ബെഡ്, മറ്റുപകരണങ്ങൾ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : | ചൈൽഡ് ഡെവലപ്പ്മെന്റ് പ്രൊജക്റ്റ് ഓഫീസർ (അഡീഷണൽ) |
| അടങ്കൽ തുക | : | ₹10,00,000/- (വികസന ഫണ്ട് ജനറൽ) |
| ആകെ ചെലവ് തുക | : | ₹9,90,630/- |

മേൽ പ്രൊജക്ടിൽ ഉൾപ്പെടുത്തി അംഗപരിമിതർക്ക് വിതരണം ചെയ്യുന്നതിനായി താഴെപ്പറയുന്ന ഉപകരണങ്ങൾ കെൽട്രോണിൽ നിന്നും വാങ്ങുകയും, ഇതിന്റെ തുക 15.03.2023 തീയ്യതിയിലെ BRN : 22150663017301354714 നമ്പർ ട്രഷറി ബിൽ പ്രകാരം അനുവദിക്കുകയും ചെയ്തിട്ടുണ്ട് (ആകെ ബിൽ തുക : ₹9,18,630).

| ക്രമ നം | ഇൻവോയ്സ് നം/തീയ്യതി | ഇനം | എണ്ണം | യൂണിറ്റ് വില (₹) | GST ഉൾപ്പെടെ ആകെ ഇൻവോയ്സ് തുക (₹) |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | 5091/2022-23 /06.03.23 | Scooter 110CC | 6 | 52,981.25 | 4,06,896 (28% GST) |
| 2 | 5092/2022-23 /06.03.23 | Side Wheel Attachment | 6 | 33508.57 | 2,11,104 (5% GST) |
| | ആകെ | | | | 6,18,000 |

ഒരു ഗുണഭോക്താവിന് ഒരു സ്കൂട്ടറും ഒരു സൈഡ് വീൽ അറ്റാച്ച്മെന്റും എന്ന കണക്കിൽ ഈ ഉപകരണങ്ങൾ വിതരണം ചെയ്തതിന്റെ വിവരം സ്റ്റോക്ക് രജിസ്റ്റർ പേജ് 23, 24 എന്നിവയിലായി രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിൽ ക്രമ നമ്പർ 1 ആയി രേഖപ്പെടുത്തിയിട്ടുള്ള ഗുണഭോക്താവ് ശ്രീ. അബ്ദുൽ റഊഫ് S/o ഹസ്സൻ കോയ, തേഞ്ഞിപ്പലം ഗ്രാമപഞ്ചായത്ത് എന്നവർ KL65 T3853 നമ്പർ വാഹനം കൈപ്പറ്റിയതായി ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല. തനിക്ക് ലേണേഴ്സ് ലൈസൻസ് ലഭിച്ചിട്ടില്ലാത്തതിനാൽ ഈ വാഹനം അടുത്ത ഗുണഭോക്താവിന് നൽകുന്നത് സംബന്ധിച്ച് ടിയാൾ നൽകിയ സമ്മതപത്രം ഫയലിൽ ഉള്ളടക്കം ചെയ്തിട്ടുണ്ട്. ഈ വാഹനത്തിന്റെ നിലവിലെ അവസ്ഥ അറിയിക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 10/2022-23, തീയ്യതി : 22.06.2023 ന് നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. അടുത്ത ഗുണഭോക്താവായ ശ്രീ. ഗണേശൻ. പി എന്നവർക്ക് സ്കൂട്ടർ നൽകുന്നതിനായി നിർവ്വഹണ ഉദ്യോഗസ്ഥയെ ചുമതലപ്പെടുത്തിക്കൊണ്ടുള്ള ബ്ലോക്ക് പഞ്ചായത്ത് ഭരണ സമിതിയുടെ 12(3)/19.06.2023 നമ്പർ തീരുമാനത്തിന്റെ പകർപ്പ് മറുപടിയോടൊപ്പം സമർപ്പിച്ചിട്ടുണ്ട്. തീരുമാനം നടപ്പാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-17 റോഡ് പ്രവൃത്തികൾ - രേഖകൾ സൂക്ഷിക്കേണ്ടതാണ്.

പദ്ധതി മാർഗ്ഗരേഖ ഉത്തരവ് പ്രകാരം ബ്ലോക്ക് പഞ്ചായത്തുകൾ ഗ്രാമപ്പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള റോഡ് പ്രവൃത്തികൾ ഏറ്റെടുക്കുന്നത് ഗ്രാമപഞ്ചായത്തിന്റെ അനുമതിയോടെയാകണമെന്നും ഇത്തരത്തിലുള്ള റോഡുകൾക്ക് ചുരുങ്ങിയത് 6 മീറ്ററെങ്കിലും വീതിയുണ്ടാകണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

എന്നാൽ 2022-23 വർഷത്തിൽ ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുത്ത് നടപ്പാക്കിയ ഏതാനും റോഡ് പ്രവൃത്തി ഫയലുകൾ പരിശോധിച്ചതിൽ മേൽ നിബന്ധനകൾ പാലിച്ച രേഖകൾ ഫയലിൽ കണ്ടെത്താനായില്ല.

ഇക്കാര്യം പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (8/22-06-2023) വാക്കാൽ ലഭ്യമാക്കിയ മറുപടിയിൽ സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചാണ് റോഡ് പ്രവൃത്തികൾ ഏറ്റെടുക്കാറുള്ളത് എന്ന് വ്യക്തമാക്കി.

പ്രവൃത്തി ഫയലുകളിൽ അനുബന്ധ രേഖകൾ കൃത്യമായി സൂക്ഷിക്കേണ്ടതാണ്.

## 1-18 ടെണ്ടർ ഫീ ഒടുക്ക് വരുത്തിയിട്ടില്ല.

അസിസ്റ്റന്റ് എഞ്ചിനിയർ, എൽ.എസ്.ജി.ഡി സെക്ഷൻ തിരൂരങ്ങാടി എന്ന പേരിൽ SBI തിരൂരങ്ങാടി ശാഖയിലുള്ള 67179065194 നമ്പർ അക്കൗണ്ടിൽ ടെണ്ടർ ഫീ ഇനത്തിൽ വരവ് വന്ന തുക ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിൽ ഒടുക്ക് വരുത്തിയിട്ടില്ല.

ടെണ്ടർ ഫീ ഇനത്തിലെ വരവ് ബ്ലോക്ക് പഞ്ചായത്ത് അക്കൗണ്ടിലേക്ക് ഒടുക്കുവരുത്തിയതിന്റെ രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്

## 1-19 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി - മൂല്യനിർണ്ണയം, പൂർത്തീകരണ വിവരം ലഭ്യമല്ല

| | |
|---|---|
| നിർവ്വഹണം | പട്ടിക ജാതി വികസന ഓഫീസർ |
| പ്രോജക്ട് | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി (105/2022) |
| ചെലവഴിച്ച തുക | ₹28,25,000/- |
| ഫണ്ട് | വികസന ഫണ്ട് (SCP) |

സർക്കാർ ഉത്തരവ് (കൈ) നമ്പർ 115/2022 ത.സ്വ.ഭ.വ തിയതി 28.05.2022 ഖണ്ഡിക 7.2.13 പ്രകാരം പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറിയുടെ നിർമ്മാണത്തിനായി 50,000/- രൂപ മുൻകൂറായി നൽകാമെന്നും തുടർന്ന് നിർമ്മാണം പൂർത്തീകരിക്കുന്ന മുറക്ക് ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനിയറുടെ മൂല്യനിർണ്ണയത്തിന്റെ അടിസ്ഥാനത്തിൽ 75,000/- രൂപ വീതമുള്ള രണ്ട് ഗഡുക്കളായി തുക അനുവദിക്കാം എന്നും നിഷ്കർഷിച്ചിരുന്നു. എന്നാൽ ബ്ലോക്ക് പഞ്ചായത്തിൽ താഴെ പറയുന്ന ഗുണഭോക്താക്കൾ തുക കൈപറ്റി നാളിതുവരെ മൂല്യനിർണ്ണയ സാക്ഷ്യപത്രം ഹാജരാക്കുകയോ പഠനമുറി നിർമ്മാണം പൂർത്തീകരിക്കുകയോ ചെയ്തിട്ടില്ല. വിശദ വിവരം ചുവടെ

| ഗുണഭോക്താവിന്റെ പേര് | ഗ്രാമ പഞ്ചായത്ത് | കൈപറ്റിയ തുക (₹) | ബിൽ നമ്പർ |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീന കണ്ണച്ചാംതൊടി | മൂന്നിയൂർ | 50,000+75,000=1,25,000 | 53/12.10.22, 165/25.1.23 |
| ഷാജി ബാബു | മൂന്നിയൂർ | 50,000+75,000=1,25,000 | 56/19.10.22, 77/23.11.22 |
| വേലായുധൻ | മൂന്നിയൂർ | 50,000+75,000=1,25,000 | 56/19.10.22, 165/25.1.23 |
| വിനോദ്കുമാർ | തേഞ്ഞിപ്പലം | 50,000 | 64/2.11.22 |
| രഞ്ജിത്ത്.എം | തേഞ്ഞിപ്പലം | 50,000 | 115/22.12.22 |
| ഷാജി. വി.പി | തേഞ്ഞിപ്പലം | 50,000+75,000=1,25,000 | 56/19.10.22, 116/22.12.22 |
| ഉണ്ണി.കെ | നന്നമ്പ്ര | 50,000 | 175/2.2.23 |
| രാധീഷ് .കെ | നന്നമ്പ്ര | 50,000+75,000=1,25,000 | 51/12.10.22, 165/25.1.23 |
| ബൈജു.കെ | വള്ളിക്കുന്ന് | 50,000+75,000=1,25,000 | 56/19.10.22, 164/25.1.23 |
| ബാലൻ.പി | വള്ളിക്കുന്ന് | 50,000+75,000=1,25,000 | 56/19.10.22, 292/28.3.23 |
| അജയൻ | പെരുവള്ളൂർ | 50,000+75,000=1,25,000 | 53/12.10.22, 132/5.1.23 |
| രമേശ്.എ | പെരുവള്ളൂർ | 50,000+75,000=1,25,000 | 51/12.10.22, 74/17.11.22 |

കരാർ പ്രകാരം മാർച്ച് 31 നകം പ്രവൃത്തി പൂർത്തീകരിക്കണമെന്നിരിക്കെ നാളിതുവരെ പ്രവൃത്തി പൂർത്തീകരിക്കുകയോ അസിസ്റ്റന്റ് എഞ്ചിനിയറുടെ വാല്യൂവേഷൻ ഹാജരാക്കുകയോ ചെയ്തിട്ടില്ല. ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 3/22.06.23 ന് മറുപടി നൽകിയിട്ടില്ല. അസിസ്റ്റന്റ് എഞ്ചിനിയറുടെ വാല്യൂവേഷൻ സഹിതം പൂർത്തീകരണ വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-20 അംഗനവാടികളിൽ പോഷകത്തോട്ടം - പദ്ധതി നടത്തിപ്പിലെ അപാകതകൾ.

| | |
|---|---|
| നിർവ്വഹണം | കൃഷി അസിസ്റ്റന്റ് ഡയറക്ടർ |
| പ്രോജക്ട് | അംഗനവാടികളിൽ പോഷകത്തോട്ടം (95/2023) |
| അടങ്കൽ | ₹10,00,000/- |
| ചെലവഴിച്ച തുക | ₹9,85,928/- |
| ഫണ്ട് | വികസന ഫണ്ട് (ജനറൽ) |

ചെറിയ കുട്ടികളിൽ കാർഷികഅഭിരുചി വളർത്തുക എന്ന ലക്ഷ്യത്തോടെ നൂതന പദ്ധതിയായി ബ്ലോക്ക് പഞ്ചായത്തിലെ 122 അംഗനവാടികളിൽ 2440 HDPE ചട്ടികൾ പോട്ടിംഗ് മിശ്രിതം നിറച്ച് പച്ചക്കറി തൈകൾ സഹിതം വിതരണം ചെയ്യാൻ ഇ-ടെണ്ടർ മുഖേന കാവേരി ഫെർട്ടിലൈസർ എന്ന സ്ഥാപനത്തെയും, ജലസേചനത്തിനായി തിരിനന സംവിധാനം ഒരുക്കുന്നതിനായി കോഡൂർ കാർഷിക കർമ്മസേനയേയും തെരഞ്ഞെടുത്ത് താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്

| ഇനം | ഇൻവോയ്സ് | ചെലവഴിച്ച തുക (₹) | ബിൽ നമ്പർ |
|---|---|---|---|
| HDPE ചട്ടികൾ (2440 എണ്ണം) | EK824/22-23/22.02.23 | 4,95,308 | 235/15.3.20 |
| തിരിനന (122 എണ്ണം) | 3144/04.03.23 | 4,83,120 | 234/15.3.23 |
| പരിശീലനം | - | 7,500 | 203/24.2.23 |

| | | | |
|---|---|---|---|
| | ആകെ | 9,85,928 | |

പദ്ധതിയുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കണ്ടു

1. സർക്കാർ ഉത്തരവ് (കൈ) നമ്പർ 84/2022 ത.സ്വ.ഭ.വ തിയതി 19.04.2022 – ഖണ്ഡിക3.8.5(1), (2), (3-1) പ്രകാരം നൂതന പദ്ധതികൾ നടപ്പിലാക്കുമ്പോൾ ജില്ലാ ആസൂത്രണ സമിതി ജില്ലാകളക്ടർ ചെയർപേഴ്സണായും ജില്ലാ പ്ലാനിംഗ് ഓഫീസർ കൺവീനറായും ഒരു വിദഗ്ധ സമിതി രൂപീകരിക്കേണ്ടതും നിർദേശിക്കപ്പെടുന്ന പദ്ധതി ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ചുമതലയിൽ പെട്ടതാണോ എന്ന് പരിശോധിക്കണമെന്നും നിഷ്കർഷിച്ചിരുന്നു. എന്നാൽ ഇക്കാര്യം സമിതി പരിശോധിച്ചതിന്റെ മിനുട്സ് ഫയലിൽ ലഭ്യമല്ല. മാത്രമല്ല അംഗനവാടികളിൽ പോഷകത്തോട്ടം എന്നത് കേരളാ പഞ്ചായത്ത് രാജ് ആക്ട് 172ാം വകുപ്പ് 1ാം ഉപവകുപ്പ് പട്ടിക 4(എ) പൊതുവായ ചുമതലയിലോ (ബി) മേഖലാടിസ്ഥാനത്തിലുള്ള ചുമതലയിലോ പെടുന്നില്ല.

2. അംഗനവാടികളിൽ പോഷകത്തോട്ടം നിർമ്മിക്കുന്നതിനായി വാങ്ങിയ HDPE ചട്ടികൾ (2440 എണ്ണം), തിരിനന (122 എണ്ണം) എന്നിവ സ്റ്റോക്കിലെടുത്തിട്ടുണ്ടെങ്കിലും ആയവ വിതരണം ചെയത് ബന്ധപ്പെട്ട അംഗനവാടികൾ കൈപറ്റിയ വിവരം ലഭ്യമല്ല.

3. പോഷകത്തോട്ടം നിർമ്മിക്കുന്നതിനായി HDPE ചട്ടികൾ (2440 എണ്ണം), തിരിനന (122 എണ്ണം) എന്നിവ വാങ്ങിയിട്ടുണ്ടെങ്കിലും ആയവ സ്ഥാപിച്ച് പൂർണ്ണപ്രവർത്തന സജ്ജമാണെന്ന് ബന്ധപ്പെട്ട അംഗനവാടി വർക്കർമാർ, ഐ.സി.ഡി.എസ് സൂപ്പർവൈസർമാർ എന്നിവർ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

4. കോഡൂർ കാർഷിക കർമ്മസേനയിൽ നിന്നും 122 തിരിനന വാങ്ങി വിതരണം ചെയ്തിട്ടുണ്ടെങ്കിലും ടെണ്ടർ നിബന്ധന പ്രകാരമുള്ള വാറന്റി/ഗ്യാരന്റി സംബന്ധിച്ച് വിതരണം ചെയ്ത സ്ഥാപനങ്ങളുമായി കരാർ ചമച്ചിട്ടില്ല.

5. ഇൻസ്റ്റലേഷൻ റിപ്പോർട്ട്, പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥൻ പരിശോധനക്കായി ഹാജരാക്കിയിട്ടില്ല.
ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ. 11/23.06.23 ന് മറുപടി നൽകിയിട്ടില്ല. ഇൻസ്റ്റലേഷൻ റിപ്പോർട്ട്, പൂർത്തീകരണ വിവരം എന്നിവ ലഭ്യമാക്കേണ്ടതും മറ്റ് അപാകതകൾ പരിഹരിക്കേണ്ടതുമാണ്.

## 1-21 മരുന്ന് ലഭ്യമായില്ല.

മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി വിവിധ മരുന്ന് വാങ്ങൽ പദ്ധതികൾക്കായി താഴെ പറയും പ്രകാരം കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് മുൻകൂറായി തുക നൽകിയിട്ടുണ്ടെങ്കിലും നാളിതുവരെ മരുന്ന് ലഭ്യമായിട്ടില്ല. വിശദ വിവരം ചുവടെ.

| പ്രോജക്ട് | പ്രൊഫോർമ ഇൻവോയ്സ് നമ്പർ | നൽകിയ തുക | ബിൽ നമ്പർ | ഫണ്ട് |
|---|---|---|---|---|
| സി.എച്ച്.സിക്ക് മരുന്ന് വാങ്ങൽ (2/23) | PRF1345 /16.9.22 | 15,00,000 | 8/4.11.22 | മെയിന്റനൻസ് ഫണ്ട് റോഡിതരം |
| ഡയാലിസിസ് ചെയ്യുന്ന രോഗികൾക്ക് മരുന്ന് വാങ്ങൽ – സദയം (93/23) | PRF4499 /4.3.23 | 3,99,997 | 31/18.3.23 | വികസന ഫണ്ട് ജനറൽ |
| ഡയാലിസിസ് ചെയ്യുന്ന രോഗികൾക്ക് മരുന്ന് വാങ്ങൽ – സദയം (93/23) | PRF4998 /4.3.23 | 3,56,734 | 32/18.3.23 | മെയിന്റനൻസ് ഫണ്ട് റോഡിതരം |
| | ആകെ | 22,56,731 | | |

ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ.12/23.6.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മരുന്ന് ലഭ്യമാക്കി

സ്റ്റോക്കിലെടുത്ത് ഇൻവോയ്സ് സഹിതം വിവരം അറിയിക്കേണ്ടതാണ്.

## 1-22 പി.എം.എ.വൈ- ഭവന നിർമ്മാണം - തറ പൂർത്തീകരിച്ച് തുടർന്നുള്ള പ്രവൃത്തികൾ നടത്തിയിട്ടില്ല

ചുവടെ ചേർത്തിട്ടുള്ള ഗുണഭോക്താക്കൾ ഭവന നിർമ്മാണത്തിന് വേണ്ടി എഗ്രിമെന്റ് വെച്ച് പ്രവൃത്തി ആരംഭിക്കുകയും തറ നിർമ്മാണം മാത്രം പൂർത്തീകരിച്ച് തുടർന്നുള്ള പ്രവൃത്തികൾ ചെയ്യാതെ ഭവന നിർമ്മാണം മുടങ്ങിക്കിടക്കുന്ന അവസ്ഥയിലാണുള്ളത്. ടി- ഗുണഭോക്താക്കൾ ഒന്നും രണ്ടും ഗഡുക്കളായി ധനസഹായം കൈപറ്റിയവരുമാണ്.

വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് | ഗുണഭോക്താവിന്റെ പേര് | കൈപറ്റിയ തുക (₹) | റിമാർക്സ് |
|---|---|---|---|---|
| 1 | പിഎം.എ.വൈ. പട്ടിക ജാതി<br>104/23 | സുശീല വാസു,<br>കണ്ടംകണ്ടത്തിൽ,<br>കണ്ടൂർ, നന്നമ്പ്ര ഗ്രാമ പഞ്ചായത്ത്<br>ആധാർ-338468828618 | 4,8000/-<br>ഒന്നാം ഗഡു<br>1,12,000/-<br>രണ്ടാം ഗഡു | 9.3.2022 ന് എഗ്രിമെന്റ് വെച്ചു |
| 2 | പിഎം.എ.വൈ. പട്ടിക ജാതി<br>104/23 | സുധ ചെറുവീട്ടിൽ,w/0.സുബ്രമണ്യൻ, പനച്ചിക്കൽ,കൊടക്കാട്, വള്ളിക്കുന്ന് ഗ്രാ.പ<br>ആധാർ -788015614304 | 48,000/-<br>ഒന്നാം ഗഡു<br>1,12,000/-<br>രണ്ടാം ഗഡു | 3.1.2022 ന് എഗ്രിമെന്റ് വെച്ചു |
| 3 | പിഎം.എ.വൈ. ജനറൽ<br>103/23 | രാധ, W/0. അറമുഖൻ,അമ്പലപ്പറമ്പിൽ, മേലേപെരിങ്കല്ലൻകണ്ടി, വള്ളിക്കുന്ന് ഗ്രാ.പ<br>ആധാർ-470930406530 | 48,000/-<br>ഒന്നാം ഗഡു<br>1,12,000/ -<br>രണ്ടാം ഗഡു | 31.8.2021 ന് എഗ്രിമെന്റ് വെച്ചു |

ഭവന നിർമ്മാണം പാതി വഴിയിൽ അവസാനിപ്പിച്ച ഗുണഭോക്താക്കളുടെ പേരിൽ തുടർ നടപടി സ്വീകരിച്ചതിന്റെ വിവരം ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ- 14/23.6.2023 നുള്ള മറുപടിയിൽ ക്രമ നമ്പർ 1 ലെ ഗുണഭോക്താവ് ലിന്റൽ വരെ പൂർത്തീകരിച്ചിട്ടുണ്ടെന്നും നിർമ്മാണം ഉടനെ പൂർത്തിയാക്കുന്നതാണെന്നും അറിയിച്ചു. ക്രമ നമ്പർ-2,3 എന്നിവരുടെ നിർമ്മാണ പ്രവൃത്തികൾ നടപ്പ് വർഷം പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചു.

മേൽ ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-23 ഗ്രാമ പഞ്ചായത്തിന് വിഹിതം നൽകി- പ്രവൃത്തി പൂർത്തീകരണ / വിനിയോഗ വിവരം ലഭ്യമല്ല

ചുവടെ ചേർത്തിട്ടുള്ള പ്രോജക്ടുകൾ പ്രകാരം ഗ്രാമ പഞ്ചായത്തുകൾക്ക് ബ്ലോക്ക് പഞ്ചായത്തിന്റെ വിഹിതം നൽകിയിട്ടുണ്ട്. എന്നാൽ വിഹിതം നൽകിയ തുക പ്രോജക്ടിൽ വിഭാവനം ചെയ്തത് പ്രകാരം വിനിയോഗിച്ചതായോ പ്രോജക്ട് പ്രകാരമുള്ള പ്രവൃത്തി പൂർത്തീകരിച്ചതായോ ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്തുകൾ റിപ്പോർട്ട് ചെയ്തിട്ടില്ല.

വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് വിശദാംശങ്ങൾ | കൈമാറിയ തുക | തുക കൈമാറിയതിന്റെ വിവരം | റിമാർക്സ് |
|---|---|---|---|---|
| 1 | വള്ളിക്കുന്ന് ഗ്രാമ പഞ്ചായത്തിൽ എം.ജി.എൻ.ആർ.ഇ.ജി.എസുമായി സംയോജിച്ച് ബാങ്ക് പടി 76ാം നമ്പർ അങ്കണവാടി നിർമ്മാണം പ്രോജക്ട് നമ്പർ-49/23 | 2,00,000<br>BRN-2022231506B00 0089052/26.7.2022 (300000 രൂപ 21-22 വർഷം കൈമാറിയിട്ടുണ്ട്.) | എം.ജി.എൻ.ആർ.ഇ.ജി.എസ് മിഷൻ ഡയറക്ടർക്ക് തുക അനുവദിച്ചു | അങ്കണവാടി നിർമ്മാണം പൂർത്തീകരിച്ച് അങ്കണവാടി പ്രവർത്തനക്ഷമമാക്കിയതിന്റെ വിവരം ലഭ്യമായിട്ടില്ല. |
| 2 | പാലിയേറ്റീവ്- ഗ്രാമ പഞ്ചായത്തുകൾക്ക് വിഹിതം<br>61/23 | 7,40,130 | 22200537/09.1.2023<br>2,00,000രൂപ<br>22200538/09.1.2023 | 740130 രൂപയിൽ 700000 രൂപയും കൈമാറിയിട്ടുള്ളത് കേരള മെഡിക്കൽ സർവീസ് |

| | | | | |
|---|---|---|---|---|
| | | | 40,130രൂപ<br>22200688/01.3.2023<br>3,00,000രൂപ<br>22200687/14.3.2023<br>200000രൂപ | കോർപറേഷൻ എന്ന സ്ഥാപനത്തിനാണ്. എന്നാൽ മേൽ തുകയ്ക്കുള്ള മരുന്ന് ലഭ്യമായതിന്റെ വിവരമില്ല. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുമില്ല. |
| 3 | പരുത്തിക്കാട് ശുദ്ധജല വിതരണ പദ്ധതി-വള്ളിക്കുന്ന് ഗ്രാമ പഞ്ചായത്തിന് വിഹിതം നൽകൽ 52/23 | 5,00,000 | വള്ളിക്കുന്ന് ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 12.12.2021 ലെ കത്തിന്റെയടിസ്ഥാനത്തിൽ 5 ലക്ഷം രൂപ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിക്ക് നൽകി. (ഉത്തരവ് നമ്പർ-ബി.27/22,തി-17.12.2022 | തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. |
| 4 | നന്നമ്പ്ര പഞ്ചായത്ത് വെള്ളിയാംപുറം- ശിവക്ഷേത്രം റോഡ്- ഗ്രാമ പഞ്ചായത്തിന് വിഹിതം നൽകൽ 74/23 | 2,00,000 | 22200714/28.3.2023 | തുക വിനിയോഗിച്ചതിന്റെ സാക്ഷ്യപത്രമില്ല. |
| 5 | നന്നമ്പ്ര പഞ്ചായത്ത് കോണംപാട് മൂത്തേടത്ത് റോഡ്- ഗ്രാമ പഞ്ചായത്തിന് വിഹിതം നൽകൽ 75/23 | 2,00,000 | 22200715/28.3.2023 | തുക വിനിയോഗിച്ചതിന്റെ സാക്ഷ്യപത്രമില്ല. |
| | ആകെ | 18,40,130 | | |

റിമാർക്സിൽ വ്യക്തമാക്കിയ രേഖകളുടെ അഭാവത്തിൽ ചെലവ് തുക 18,40,130/- രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

(ഓഡിറ്റ് എൻക്വയറി നമ്പർ- 13/23.6.2023.)

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2022-23 | 19-06-2023 മുതൽ<br>24-06-2023 വരെ | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി. |

## 4-2 സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം.

ഇല്ല.

## 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ | മുൻകൂർ നൽകിയ തുക (₹) | ചെലവഴിച്ച തുക (₹) | പൂർത്തീകരിച്ച വിവരം. | ചെലവഴിക്കാൻ ബാക്കിയുള്ള തുക (₹) |
|---|---|---|---|---|---|---|
| കെ.എസ്.ഇ.ബി | 64/23 - കണ്ടൂർ ഡിവിഷനിൽ 4, 6, 7, 9 വാർഡുകളിൽ സ്ട്രീറ്റ് മെയിനും ത്രീഫേസ് ലൈനും സ്ഥാപിക്കൽ | 22200540/12.01.23 | 4,99,558 | 0 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | 4,99,558 |
| | 65/23 - തേഞ്ഞിപ്പലം ഡിവിഷനിലെ ചെനക്കലങ്ങാടി മുതൽ ഇരുമ്പോത്തിൻകടവ് വരെ സ്ട്രീറ്റ് മെയിൻ | 22200539/11.01.23 | 4,99,140 | 0 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | 4,99,140 |
| | 66/23 - തട്ടാശ്ശേരിമാട് ഭാഗത്ത് ട്രാൻസ്ഫോർമർ - തേഞ്ഞിപ്പലം പഞ്ചായത്ത് | 22200542/18.01.23 | 6,00,000 | 0 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | 8,94,500 |
| | | 22200506/30.01.23 | 2,94,500 | | | |
| | | ആകെ | 8,94,500 | | | |
| | 68/23 - യൂണിവേഴ്സിറ്റി ഡിവിഷനിലെ വാരിയത്ത് പാലിശ്ശേരി- എസ് സി കോളനികളിൽ സ്ട്രീറ്റ് മെയിനും സ്ഥാപിക്കൽ | 22200562/03.02.23 | 2,30,832 | 0 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | 2,30,832 |
| | 79/23 - തേഞ്ഞിപ്പലം ഡിവിഷനിലെ മണിക്കുളത്ത്, അരിപ്പാറ, മോടാഞ്ചേരി, മനമൂറ്റത്ത് എന്നീ എസ്.സി കോളനികളിൽ സ്ട്രീറ്റ് മെയിൻ | 22200555/30.01.23 | 1,67,602 | 0 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | 5,02,392 |
| | | 22200657/15.03.23 | 1,54,820 | | | |
| | | 22200658/15.03.23 | 1,79,970 | | | |
| | | ആകെ | 5,02,392 | | | |
| | 119/23 - നന്നമ്പ്ര പഞ്ചായത്തിലെ കൃഷിഭവൻ-പള്ളാട്ട് അമ്പലപ്പടി- കാലരിക്കൽ ഹൈസ്കൂൾപടി- പള്ളാട്ട് എന്നീ റോഡുകളിൽ സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | 4200161/07.03.23 | 1,58,214 | 0 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | 1,58,214 |
| | ആകെ | | 27,84,636 | 0 | - | 27,84,636 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്.

ഇല്ല.

## 4-5 വായ്പ /വായ്പ തിരിച്ചടവ്

ഇല്ല.

## 4-6 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം.

ഇല്ല.

## 4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരങ്ങൾ

ഇല്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം.

എ). സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (₹) | 8,24,15,328 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (₹) | 8,18,29,505 |
| വരവിനങ്ങളിലെ നഷ്ടം (₹) | 0 |
| ചെലവിനങ്ങളിലെ നഷ്ടം/<br>ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (₹) | 0 |
| ഓഡിറ്റിൽ തടസപ്പെടുത്തിയ തുക (₹) | 46,24,766 |

ബി). പഞ്ചായത്ത് ഫണ്ടിനു ണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം.

ഇല്ല.

സി). ഓഡിറ്റിൽ തടസപ്പെടുത്തിയ തുക.

| ഖണ്ഡിക നമ്പർ | തുക (₹) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-12 | 27,84,636 | ശ്രീമതി. ബിന്ദു. സി. പി, ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി |
| 1-23 | 2,00,000 | ശ്രീമതി. താര. പി, ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി |
| | 16,40,130 | ശ്രീമതി. ബിന്ദു. സി. പി, ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി |
| ആകെ | 46,24,766 | |

ഡി) കേന്ദ്ര സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ.

ഇല്ല.

എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ.

ഇല്ല.

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന മുൻ റിപ്പോർട്ടുകളുടെ വിവരം

| ക്രമ നം | ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|---|
| 1 | 1997-98 | കെ.എസ്.എ.എം.പി.എം.04/3202/14(1)/09-09-16 | 7 |
| 2 | 1999-00 | കെ.എസ്.എ.എം.പി.എം.04/1509/22/22.09.22 | 33 |
| 3 | 2003-04 | കെ.എസ്.എ.എം.പി.എം.04/3352/16/21.02.17 | 1 |

| | | | |
|---|---|---|---|
| 4 | 2004-05 | കെ.എസ്.എ.എം.പി.എം.04/1638/22/22.09.22 | 2 |
| 5 | 2005-06 | കെ.എസ്.എ.എം.പി.എം.04/1636/22/22.09.22 | 1 |
| 6 | 2006-07 | കെ.എസ്.എ.എം.പി.എം.04/1639/22/22.09.22 | 3 |
| 7 | 2007-08 | കെ.എസ്.എ.എം.പി.എം.04/1593/17/22.05.18 | 17 |
| 8 | 2008-09 To 2011-12 | കെ.എസ്.എ.എം.പി.എം.04/1635/22/22.09.22 | 6 |
| 9 | 2012-13 & 2013-14 | കെ.എസ്.എ.എം.പി.എം.04/2483/14/09.09.16 | 6 |
| 10 | 2014-15 | കെ.എസ്.എ.എംപിഎം.4/345/16/08.09.16 | 11 |
| 11 | 2015-16 | കെ.എസ്.എ.എംപിഎം.4/551/17/17.03.17 | 10 |
| 12 | 2016-17 | കെ.എസ്.എ.എം.പി.എം.04/1439/22/22.09.22 | 6 |
| 13 | 2017-18 | കെ.എസ്.എ.എം.പി.എം.04/588/22/07.04.22 | 8 |
| 14 | 2018-19 | കെ.എസ്.എ.എം.പി.എം.04/2600/22/07.04.22 | 5 |
| 15 | 2019-20 | കെ.എസ്.എ.എം.പി.എം4/1341/22 /11.10.22 | 13 |
| 16 | 2020-21 | കെ.എസ്.എ.എം.പി.എം4/1342/22 /11.10.22 | 11 |
| 17 | 2021-22 | കെ.എസ്.എ.എം.പി.എം.04/215 /2023/26-05-2023 | 10 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

എം.എ.7/2023

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 3(1) dated 03-05-2023 and submitted on 23-05-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Tirurangadi Block Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Tirurangadi Block Panchayat for the year 2022-2023

Date: 08/09/2023

Senior Deputy Director
District Office Malappuram
Kerala State Audit Department

## Audit Report appended to the Audit Certificate of Tirurangadi Block Panchayat for the Year 2022-2023.

**1.Major Observations**

**2.Other Observations**

1. The following mandatory financial statements prescribed in accounting rules are not submitted for audit
   i. Notes on accounts
   ii. Comparative amounts
2. The total expenditure amount of the following funds differ in annual financial statement and appropriation control register owing to bills that got queued in treasury without getting encashed by the end of the financial year.
   i. Development fund (General)
   ii. Maintenance fund (Non-Road)
3. The following register is not up to date and is not reliable for audit
   i. Asset register
4. Cashflow statement - Net increase in cashflow does not match with the difference between the opening balance and closing balance of cash and cash equivalents.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ തിരൂരങ്ങാടി ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്